**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെയും മലയോരവികസന സംഘാടകസമിതിയുടെയും നേതൃത്വത്തിൽ നടത്തുന്ന "മലയോര മഹോത്സവം 2019" പരിപാടി സംഘടിപ്പിക്കുന്നതിന് കുന്ദമംഗലം കൊടുവള്ളി ബ്ലോക്കിൽപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3108/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 07/12/2018

---

പരാമർശം:- തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/10/2018 ലെ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെയും മലയോരവികസന സംഘാടകസമിതിയുടെയും നേതൃത്വത്തിൽ കുന്ദമംഗലം - കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിലുള്ള 17 ഗ്രാമ പഞ്ചായത്തുകളുടെ കൂട്ടായ്മയോടെ അതിജീവനത്തിനൊരു കൈത്താങ്ങ് എന്ന ഒരു കാർഷിക - വ്യവസായിക - വിദ്യാഭ്യാസ - സാംസ്കാരിക - കല - കായിക - ടൂറിസം മഹോത്സവം "മലയോര മഹോത്സവം 2019" എന്ന പേരിൽ 2019 ജനുവരി 10 മുതൽ 17 വരെയുള്ള ദിവസങ്ങളിൽ അഗസ്ത്യമുഴിയിലെ ജില്ലാ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വെച്ച് സംഘടിപ്പിക്കുകയാണെന്നും, ടി പരിപാടിയിലൂടെ ലഭിക്കുന്ന ലാഭം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുന്നതാണെന്നും, ആയതിനാൽ മലയോരമഹോത്സവം 2019 സംഘടിപ്പിക്കുന്നതിന്റെ ചിലവിലേക്ക് സാമ്പത്തിക സഹായമായി കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 17 ഗ്രാമപഞ്ചായത്തുകളിൽ നിന്നും കുന്ദമംഗലം, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും കൊടുവള്ളി, മുക്കം നഗരസഭകളിൽ നിന്നും ഒരു ലക്ഷം രൂപ വീതം അനുവദിച്ച് തരുന്നതിന് പ്രസ്തുത നഗരസഭകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും യഥേഷ്ടാനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശ കത്ത് പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെയും മലയോരവികസന സംഘാടകസമിതിയുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന "മലയോര മഹോത്സവം 2019" എന്ന പരിപാടിക്ക് കുന്ദമംഗലം, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന 17 ഗ്രാമ പഞ്ചായത്തുകൾ, കൊടുവള്ളി, മുക്കം നഗരസഭകൾ, കുന്ദമംഗലം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ തനത് ഫണ്ടിൽ നിന്നും 1,00,000/- (ഒരു ലക്ഷം) രൂപ വീതം അനുവദിക്കുന്നതിന് ടി സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
പ്രസിഡന്റ്, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്- 673603.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.